(ബി) പ്രസ്തുത കമ്മിറ്റിയിൽ തീർപ്പാക്കാതെ നിൽക്കുന്ന കോഴിക്കോട് ജില്ലയിൽ നിന്നുള്ള അപേക്ഷകരുടെ പേര്, മേൽവിലാസം, ഫയൽ നമ്പർ എന്നിവ ഉൾപ്പെടെയുള്ള വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ചികിൽസാ ധനസഹായത്തിന് 29-11-2015 വരെയുള്ള അപേക്ഷകൾ കാരുണ്യ ബെനവലന്റ് ഫണ്ട് സംസ്ഥാനതല കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. അതിനുശേഷം 5 അപേക്ഷകൾ മാത്രമേ കോഴിക്കോട് ജില്ലാതല കമ്മിറ്റി അംഗീകരിച്ച് വന്നിട്ടുള്ളൂ. മറ്റ് ജില്ലകളിലെ കണക്ക് അനുബന്ധം-എ ആയി ചേർക്കുന്നു.*

(ബി) ലിസ്റ്റ് അനുബന്ധം - ബി ആയി ചേർക്കുന്നു.*

ലീഗൽ സർവ്വീസസ് സൊസൈറ്റി വഴി അദാലത്തുകൾ

124 (3633) ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ സർവ്വീസസ് സൊസൈറ്റി വഴി അദാലത്തുകൾ നടത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും താലൂക്കുകളിൽ താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും ഹൈക്കോടതിയിലെ കേസുകൾക്കുവേണ്ടി ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയും സംസ്ഥാന അടിസ്ഥാനത്തിൽ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയും നിലവിലുണ്ട്. നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ നേതൃത്വത്തിൽ ജില്ലാ തലത്തിലും താലൂക്ക് തലത്തിലും ഹൈക്കോർട്ട് ലീഗൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസസ് കമ്മിറ്റിയിലും എല്ലാ മാസവും ലോക് അദാലത്തുകൾ നടത്തിവരുന്നു. കൂടാതെ 2015-ലെ നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പുതിയ സ്കീം പ്രകാരം എല്ലാ മാസവും (ജനുവരി, മെയ് മാസങ്ങൾ ഒഴികെ) രണ്ടാം ശനിയാഴ്ചയിൽ പ്രത്യേക വിഷയങ്ങളിൽ നാഷണൽ ലോക് അദാലത്തുകൾ ജില്ലാ തലത്തിലും താലൂക്ക് തലത്തിലും ഹൈക്കോർട്ട് ലീഗൽ സർവ്വീസസ് കമ്മിറ്റിയിലും സംഘടിപ്പിക്കുന്നുണ്ട്. അതുപ്രകാരം 2015-ൽ എട്ട് നാഷണൽ ലോക് അദാലത്തുകൾ നടന്നു. കൂടാതെ എല്ലാ തരത്തിലുള്ള കേസുകളും ഉൾപ്പെടുത്തി 12-12-2015-ൽ മെഗാ നാഷണൽ ലോക് അദാലത്ത് നടത്തുകയുണ്ടായി.

(ബി) 12-12-2015-ലെ മെഗാ നാഷണൽ ലോക് അദാലത്തിന്റെ സുഗമമായ നടത്തിപ്പിലേയ്ക്കായി കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ബഹു. എക്സിക്യൂട്ടീവ് ചെയർമാനും ഹൈക്കോടതിയിലെ മുതിർന്ന ജഡ്ജിയുമായ ജസ്റ്റിസ് ശ്രീ. തോട്ടത്തിൽ ബി. രാധാകൃഷ്ണൻ ഗവൺമെന്റിന്റെ സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട കേരള ഗവർണ്ണർക്കും ബഹുമാന്യരായ മുഖ്യമന്ത്രിക്കും ആഭ്യന്തര മന്ത്രിക്കും നിയമ മന്ത്രിക്കും റവന്യൂ മന്ത്രിക്കും കത്തുകൾ അയച്ചതിനെത്തുടർന്ന് ചീഫ് സെക്രട്ടറി മുഖേന എല്ലാ വകുപ്പു മേധാവികൾക്കും മറ്റും ഇക്കാര്യത്തിൽ ഭരണ തലത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി നിർദ്ദേശം നൽകിയിരുന്നു. കൊൽസ, പ്രസ്തുത അദാലത്തിനെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ എല്ലാ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾക്കും രണ്ട് മാസങ്ങൾക്കുമുമ്പുതന്നെ നൽകിയിട്ടുള്ളതാണ്. ആയത് പ്രകാരം അദാലത്തിൽ തീർപ്പാക്കുന്നതിനുള്ള കേസുകൾ കണ്ടെത്തുകയും ബന്ധപ്പെട്ട കക്ഷികളെ വിളിച്ച് സംസാരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കണ്ടെത്തിയ ഒത്തുതീരുവാൻ സാധ്യതയുള്ള കേസുകൾ അദാലത്തിൽ പരിഗണിക്കുന്നതിനുവേണ്ടി ഉൾപ്പെടുത്തണമെന്നുള്ള കാര്യം അറിയിച്ചുകൊണ്ട് പത്രക്കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. അദാലത്തിൽ തീർപ്പാകുന്ന ലാന്റ് അക്വിസിഷൻ കേസുകളിൽ അവാർഡ് തുക നൽകുന്നതിനായി 100 കോടി രൂപ അനുവദിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ വിവിധ കോടതികളിൽ കെട്ടിക്കിടക്കുന്നതും, കോടതിയിലേക്ക് എത്തുന്നതിന് മുൻപുള്ള പരാതികളും, ഒത്തുതീർപ്പാക്കാൻ നിയമം അനുവദിക്കുന്ന ക്രിമിനൽ കേസുകളും മറ്റുമാണ് ഇത്തരം അദാലത്തുകളിൽ പരിഗണിക്കുന്നതും തീർപ്പാക്കുന്നതും. അദാലത്തുകൾ വഴി തീർപ്പാകുന്ന കേസുകളിലെ വിധികൾ അന്തിമമായിരിക്കും. ടി വിധികൾക്കുമേൽ അപ്പീൽ അവകാശം ഉണ്ടായിരിക്കുന്നതല്ല. ഇതുവഴി വ്യവഹാരികൾക്ക് കേസ് തീർപ്പാകുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാകുക മാത്രമല്ല ധനലാഭവും ഉണ്ടാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly